# ആത്യന്തികവിലയിരുത്തൽ - I 2025 - 2026

## മാതൃകാചോദ്യപേപ്പർ

## കേരളപാഠാവലി

**ക്ലാസ് : 5** **സമയം : 2 മണിക്കൂർ 15 മിനിറ്റ്**

---

**നിർദേശങ്ങൾ**

- ആകെ സമയത്തിന്റെ **ആദ്യത്തെ 15 മിനിറ്റ്** സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- **6** ചോദ്യങ്ങൾക്ക് ഉത്തരം എഴുതണം. ചോദ്യങ്ങളിലെ ഉപചോദ്യങ്ങൾക്കെല്ലാം ഉത്തരം എഴുതണം.
- **5, 6** എന്നീ ചോദ്യങ്ങൾക്ക് **ചോയ്സ്** നൽകിയിട്ടുണ്ട്. ചോയ്സുള്ള ചോദ്യങ്ങളിൽ **A, B** എന്നിവയിൽ ഒന്നിന് മാത്രം ഉത്തരം എഴുതിയാൽ മതി.

---

**(1)**

**വായിക്കാം എഴുതാം**

**മധുരം മലയാളം**

മധുരം മലയാളം നമ്മുടെ
ഹൃദയം മലയാളം
മണ്ണിൻ ഗന്ധം മലയാളം
പുഴയുടെ താളം മലയാളം
കിളുന്നു ചുണ്ടുകളാദ്യമോതി
അമ്മ മലയാളം.
സ്നേഹത്തിൻ പുതുനാമ്പുകളായി
നമ്മുടെ മലയാളം.
കാറ്റിലാടും തെങ്ങോലകളുടെ
താളം മലയാളം

© State Assessment Cell - SCERT Kerala

കാട്ടാറിന്റെ കളകളനാദം

നമ്മുടെ മലയാളം

വയലേലകളുടെ വിയർപ്പുഗന്ധം

നമ്മുടെ മലയാളം

പണിശാലകളുടെ നെടുവീർപ്പിന്റെ

താളം മലയാളം

a) മലയാളവുമായി ബന്ധപ്പെട്ട് ശരിയായത് ഏത്.

**A.** മധുരം, സ്വപ്നം, തിളക്കം

**B.** ഹൃദയം, മധുരം, താളം

**C.** തിളക്കം, ഹൃദയം, സ്വപ്നം

**D.** സ്വപ്നം, താളം, ഹൃദയം

b) കാട്ടാറിന്റെ കളകള നാദം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്

**A.** മലയാളഭാഷ കാട്ടിലാണ് ജനിച്ചത്

**B.** മലയാളഭാഷയിലെ കവിതകൾ കൂടുതലും കാട്ടാറുകളെ കുറിച്ചാണ്

**C.** മലയാളഭാഷ പുഴയൊഴുകും പോലെ സംഗീതമാണ്

**D.** മലയാളഭാഷ കാട്ടാറിന്റെ ജലം പോലെ തെളിഞ്ഞതാണ്

c) മലയാളം എന്തിന്റെ പുതുനാമ്പുകൾ എന്നാണ് കവി പറയുന്നത്

**A.** സന്തോഷം

**B.** സ്നേഹം

**C.** സങ്കടം

**D.** ദേഷ്യം

© State Assessment Cell - SCERT Kerala

d) കവിതയുടെ പ്രധാന ആശയം സൂചിപ്പിക്കുന്നത്

**A.** പുഴയുടെ താളത്തെ കുറിച്ച്

**B.** കാട്ടാറിന്റെ കളകളനാദത്തെ കുറിച്ച്

**C.** വയലുകളെ കുറിച്ച്

**D.** മലയാളഭാഷയെ കുറിച്ച്

**(2) മഴയനുഭവം**

a) ചാറ്റൽ മഴയും പേമാരിയും നമുക്കറിയാം. സന്തോഷിപ്പിക്കുന്നതുപോലെ തന്നെ മഴ വല്ലാതെ സങ്കടപ്പെടുത്തുകയും ചെയ്യും. നിങ്ങളുടെ മനസ്സിൽ തങ്ങിനിൽക്കുന്ന മഴയനുഭവം എഴുതുക.

b) പൂക്കൾ മണ്ണിന്റെയോമൽക്കിനാവുകൾ
പൂക്കൾ ജീവന്റെ പ്രേമപ്രതീക്ഷകൾ. - വരികളുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന ഏത്.

**A.** പൂക്കൾ മണ്ണിന്റെ ജീവനാണ്.

**B.** പൂക്കൾ സ്വപ്നങ്ങളും പ്രതീക്ഷകളുമാണ്

**C.** പൂക്കൾ ജീവനുള്ളവയാണ്

**D.** പൂക്കൾ സ്വപ്നം കാണുന്നവരാണ്

c) പുഴ ഒറ്റരാത്രികൊണ്ട് സുന്ദരിയാകാൻ കാരണം.

**A.** കന്നിമഴ

**B.** നിലാവ്

**C.** പുൽനാമ്പ്

**D.** മിന്നാമിനുങ്ങ്

© State Assessment Cell - SCERT Kerala

**(3) ലഘു ഉപന്യാസം**

പ്രകൃതി നമുക്ക് പരിധിയില്ലാത്ത സന്തോഷവും സംതൃപ്തിയും നൽകുന്നു. 'ഇത്തിരിപ്പൂവേ കുരുന്നു പൂവേ' , എന്ന യൂണിറ്റിൽ പ്രകൃതിയുടെ സൗന്ദര്യവും സവിശേഷതകളും നാം മനസ്സിലാക്കി. ചെടികളും പൂക്കളും കിളികളും മനോഹരമാക്കുന്ന നമ്മുടെ പ്രകൃതിയെ കുറിച്ച് ലഘു ഉപന്യാസം തയ്യാറാക്കുക.

**(4) കഥാപാത്രനിരൂപണം**

നീർനാഗത്തെയും കൊണ്ട് ഞാൻ വീട്ടിലെത്തി. വരാന്തയിലെ വിരിയുടെ ഇടയിൽ തൂക്കിയിട്ടു. ഭൂമിയിലെ എല്ലാ ജീവജാലങ്ങളും ഭൂമിയുടെ അവകാശികളാണ് എന്ന വൈക്കം മുഹമ്മദ് ബഷീറിന്റെ ദർശനം നീർനാഗം എന്ന പാഠഭാഗത്തിലൂടെ നമ്മൾ മനസ്സിലാക്കിയല്ലോ. ബഷീർ കഥാപാത്രത്തിന്റെ സവിശേഷതകളും വായനയിൽ നിങ്ങൾ മനസ്സിലാക്കിയ കാര്യങ്ങളും ഉൾപ്പെടുത്തി ബഷീർ കഥാപാത്രത്തിന്റെ നിരൂപണം തയ്യാറാക്കുക.

**(5) പോസ്റ്റർ അല്ലെങ്കിൽ നോട്ടീസ്**

**5.A) പോസ്റ്റർ**

പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ഇഴയെടുപ്പം ഭൂമിയുടെ നിലനിൽപ്പിന് അനിവാര്യമാണ്. പ്രകൃതിയെ നിരന്തരം ചൂഷണം ചെയ്യുന്നതിന്റെ ഭാഗമായി വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ തുടങ്ങി വിവിധ പ്രശ്നങ്ങൾ നാം ഇന്ന് അനുഭവിക്കുന്നുണ്ട്. പ്രകൃതി സംരക്ഷണത്തിന്റെ പ്രാധാന്യം അവതരിപ്പിക്കുന്ന **പോസ്റ്റർ** തയ്യാറാക്കുക.

തലക്കെട്ട്, പോസ്റ്റർ വാക്യം, പശ്ചാത്തല ചിത്രം എന്നിവ ഉൾപ്പെടുത്തി ആകർഷകമാക്കുമല്ലോ.

**അല്ലെങ്കിൽ**

© State Assessment Cell - SCERT Kerala

**5.B) നോട്ടീസ്**

സ്കൂളിൽ നടക്കുന്ന ബഷീർ അനുസ്മരണവുമായി ബന്ധപ്പെട്ട നോട്ടീസ് തയ്യാറാക്കുക.തലക്കെട്ട്, ഉദ്ഘാടനം, തീയതി, അതിഥികൾ, വായന മത്സര വിജയികൾക്കുള്ള സമ്മാനദാനം, ബഷീർ പുസ്തക പ്രദർശനം തുടങ്ങിയവ ഉൾപ്പെടുത്തുമല്ലോ.

**(6) ജീവചരിത്രക്കുറിപ്പ് അല്ലെങ്കിൽ ആസ്വാദനക്കുറിപ്പ്**

**6.A) ജീവചരിത്രക്കുറിപ്പ്**

തന്നിരിക്കുന്ന സൂചനകളും നിങ്ങൾക്ക് അറിയുന്ന വിവരങ്ങളും ഉൾപ്പെടുത്തി കുഞ്ചൻ നമ്പ്യാരെക്കുറിച്ച് ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക.

- പതിനെട്ടാം നൂറ്റാണ്ടിലെ മലയാള ഭാഷാ കവി
- പാലക്കാട് ജില്ലയിൽ ജനനം
- തുള്ളൽ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് എന്നറിയപ്പെടുന്നു
- ഓട്ടൻ, പറയൻ, ശീതങ്കൻ
- നർമ്മത്തിൽ പൊതിഞ്ഞ സാമൂഹിക വിമർശനം
- കല്യാണസൗഗന്ധികം, സ്യമന്തകം, സഭാപ്രവേശം, പഞ്ചതന്ത്രം കിളിപ്പാട്ട് എന്നിവ പ്രധാനകൃതികളിൽ ചിലത്.
- അമ്പലപ്പുഴയിൽ കുഞ്ചൻ നമ്പ്യാർ സ്മാരകം പ്രവർത്തിക്കുന്നു

**അല്ലെങ്കിൽ**

**6.B) ആസ്വാദനക്കുറിപ്പ്**

കുഞ്ഞേടത്തിയെത്തന്നെയല്ലോ
ഉണ്ണിയ്ക്കെന്നെന്നുമേറെയിഷ്ടം
കുഞ്ഞേടത്തിയെത്തന്നെയല്ലോ
ഉണ്ണിയ്ക്കെന്നെന്നുമേറെയിഷ്ടം

© State Assessment Cell - SCERT Kerala

പൊന്നേ പോലത്തെ നെറ്റിയിലുണ്ടല്ലോ
മഞ്ഞൾ വരക്കുറി ചാന്തുപൊട്ടും
ഈറൻമുടിയിൽ എള്ളെണ്ണ മണം ചില-
നേരമാ തുമ്പത്തൊരു പൂവും
കയ്യിലൊരറ്റ കുപ്പിവള മുഖം
കണ്ടാൽ കാവിലെ ദേവി തന്നെ
മടിയിലിരുത്തീട്ടു മാറോട് ചേർത്തിട്ടു
മണി മണി പോലെ കഥപറയും
ആനേടെ മയിലിന്റെ ഒട്ടകത്തിന്റെയും
ആരും കേൾക്കാത്ത കഥപറയും
കുഞ്ഞേടത്തിയെ തന്നെയല്ലോ
ഉണ്ണിയ്ക്കെന്നെന്നുമേറെയിഷ്ടം.

കുഞ്ഞേടത്തി, ഒ.എൻ.വി. കുറുപ്പ്

താളം, ഇഷ്ടപ്പെട്ട വരികൾ, ഇഷ്ടപ്പെടാനുള്ള കാരണം, സ്വന്തം അനുഭവം എന്നിവ ഉൾപ്പെടുത്തി കവിതാഭാഗത്തിന് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

© State Assessment Cell - SCERT Kerala